പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. : 2156 — 10-10-2011 - ൽ മറുപടിയ്ക്ക്

## പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ

**ചോദ്യം**

ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങര അമ്പലക്കുളം, മണലായി-കിഴക്കേക്കുന്ന്കുളം, പൂലാനിക്കുളം എന്നിവയ്ക്ക് 13-ാം ധനകാര്യ കമ്മീഷൻ അവാർഡിനുകീഴിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; പുനരുദ്ധാരണ പണികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(എ) ചാലക്കുടി മണ്ഡലത്തിലെ ചിറങ്ങര അമ്പലക്കുളം, മണലായി-കിഴക്കേക്കുന്ന് കുളം, പൂലാനിക്കുളം എന്നിവയ്ക്ക് 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ പണികൾ വൈകാതെ ആരംഭിക്കുന്നതാണ്.

(ബി) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ "Revised SOR 2010" പ്രകാരം പരിഷ്കരിച്ചുവരുന്നു. പരിഷ്കരിച്ച എസ്റ്റിമേറ്റുകൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചാലക്കുടിപ്പുഴയിൽ അതിരപ്പിള്ളിക്കും തുമ്പൂർമുഴിക്കും ഇടയിലായി ജലസംഭരണി നിർമ്മിച്ച് തുമ്പൂർമുഴി ഡൈവേർഷൻ സ്കീമിൽ നിന്നും ഇടതുകര, വലതുകര കനാലുകളിൽ ജലം ലഭ്യമാക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(സി) ചാലക്കുടി പുഴയിൽ തുമ്പൂർമുഴിയ്ക്കും അതിരപ്പള്ളിക്കുമിടയിൽ 'ചെക്ക് ഡാം' നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.